അഴിമതി - കൈക്കൂലി എന്നിവ ഇല്ലാതാക്കാൻ നടപടി

5 (6150) ശ്രീ. ജി. സുധാകരൻ :
ശ്രീ. സാജു പോൾ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സംവിധാനങ്ങളിലെ അഴിമതി, കൈക്കൂലി എന്നിവ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ; ഇവ വ്യാപിച്ചിരിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) അഴിമതി സംബന്ധിച്ച് രഹസ്യവിവരം നൽകുന്നവർക്ക് സമ്മാനം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ ;

(സി) ഈ ഇനത്തിൽ ഇതിനകം എത്രപേർക്ക് സമ്മാനം നൽകുകയുണ്ടായി ; എത്ര അഴിമതികൾ ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി ; അവയിൽ വിജിലൻസ് അന്വേഷണത്തിന് വിട്ടവ എത്ര ;

(ഡി) അവിഹിത സ്വത്ത് സമ്പാദനത്തിന്റെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത എത്ര കേസ്സുകളിൽ ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയുണ്ടായി ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണങ്ങളിലൂടെയും മറ്റും ശക്തമായ നടപടികൾ കൈക്കൊണ്ട് സർക്കാർ സംവിധാനങ്ങളിലെ അഴിമതി, കൈക്കൂലി എന്നിവ ഇല്ലാതാക്കാൻ എല്ലാ നടപടികളും വിജിലൻസ് വകുപ്പ് സ്വീകരിക്കുന്നുണ്ട്. അഴിമതിക്കെതിരായ ശിക്ഷാ നിയമങ്ങളെ സംബന്ധിച്ച് സർക്കാർ ജീവനക്കാരിലും പൊതുജനങ്ങളിലും ശരിയായ അവബോധം ഇല്ലാത്തത് അഴിമതിക്ക് ഒരു കാരണമാണെങ്കിലും, ശക്തമായ നിയമ നടപടികളിലൂടെ അഴിമതി ഇല്ലാതാക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) അവിഹിത സ്വത്ത് സമ്പാദനത്തിന്റെ പേരിൽ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സുകളിൽ ഒന്നിലും ഐ.പി.എസ്, ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയുണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly